**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 5055 | 04.07.2012-ൽ മറുപടിയ്ക്ക്

**കോളേജ് കാമ്പസ് അക്രമികൾ താവളമാക്കിയ സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി:<br>ശ്രീ. കെ. എം.ഷാജി:<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | അക്രമികൾ കോളേജ് കാമ്പസ്സുകൾ സുരക്ഷിത താവളമായി ഉപയോഗിക്കുന്നതും പോലീസിനെയും വഴിയാത്രക്കാരേയും ആക്രമിക്കുന്നതിനായി പ്രസ്തുത കേന്ദ്രങ്ങൾ ദുരുപയോഗം ചെയ്യുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | തലസ്ഥാനത്ത് ഇത്തരം സംഭവങ്ങൾ നിരന്തരമായി ഉണ്ടാകുന്നത് ഗൗരവപൂർവ്വം പരിഗണിച്ചിട്ടുണ്ടോ; | (ബി) | തലസ്ഥാനത്ത് (തിരുവനന്തപുരം നഗരത്തിൽ) ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നത് ഗൗരവമായി പരിഗണനയിലെടുത്തിട്ടുണ്ട്. |
| (സി) | അക്രമി സംഘം വിദ്യാർത്ഥികളെ ഭീഷണിക്ക് വിധേയരാക്കുകയും അക്രമികൾക്ക് രക്ഷപ്പെടാൻ അവരെ മറയാക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഇതിന് ശാശ്വത പരിഹാരമുണ്ടാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | അക്രമ പ്രവർത്തനങ്ങൾക്കെതിരെ പോലീസ് പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്.<br>കൂടാതെ ജംഗ്ഷനുകളിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറകൾ വഴി ഇത്തരക്കാരെ അതിവേഗം കണ്ടെത്തി നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് വിഭാഗം കോളേജ് പരിസരങ്ങളിൽ നിരന്തരം നിരീക്ഷണം നടത്തി ബന്ധപ്പെട്ട മേൽ ആഫീസിലേയ്ക്ക് വിവരങ്ങൾ നൽകി വരുന്നുണ്ട്. |

12/6/12

സെക്ഷൻ ഓഫീസർ